**പതിമൂന്നാം കേരള നിയമസഭ**

**ഒമ്പതാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 406** — **27/06/2013-ലെ മറുപടിക്ക്**

## സർക്കാർ നിയന്ത്രണങ്ങൾക്ക് വിധേയമായി ഭൂമിയുടെ വിനിയോഗം

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി**<br>**ശ്രീ. ഐ. സി. ബാലകൃഷ്ണൻ**<br>**ശ്രീ. പി. എ. മാധവൻ**<br>**ശ്രീ. ആർ. സെൽവരാജ്** | | **ശ്രീ.അടൂർപ്രകാശ്**<br>**(റവന്യൂവും കയറും വകുപ്പ് മന്ത്രി)** |
| (എ) സംസ്ഥാനത്തെ ഭൂമിയുടെ നിശ്ചിത ശതമാനം മറ്റാവശ്യങ്ങൾക്ക് സർക്കാർ പുറപ്പെടുവിപ്പിക്കുന്ന നിയന്ത്രണങ്ങൾക്ക് വിധേയമായി ഉപയോഗിക്കുന്നതിന് അനുവാദം നൽകാനുദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കുമോ ; | (എ) | ഉണ്ട്. 2012-ലെ ആക്ട് 6 അനുസരിച്ച് അംഗീകൃത തോട്ടങ്ങളിലെ 5 % ഭൂമി പുഷ്പകൃഷിക്കോ, ഔഷധ സസ്യകൃഷികൾക്കോ മറ്റ് കൃഷികൾക്കോ ഹോട്ടലുകൾ റിസോർട്ടുകൾ പോലുള്ള ടൂറിസം പദ്ധതികൾക്കോ വിനിയോഗിക്കുന്നതിന് അനുവാദം നല്കി നിയമം ഭേദഗതി ചെയ്തിരുന്നു. മേൽ പദ്ധതികൾ സർക്കാർ നിർദ്ദേശിക്കുന്ന നിയന്ത്രണങ്ങൾക്ക് വിധേയമായി ചില മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു. ആയത് **അനുബന്ധം (എ)** ആയി ചേർത്തിരിക്കുന്നു. |
| (ബി) ഇതിന്റെ ലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം ; | (ബി) | അംഗീകൃത എസ്റ്റേറ്റുകളിലെ തോട്ടവിളകൾ ഇല്ലാത്ത സ്ഥലം ഉപയോഗിച്ച് തോട്ടത്തിന്റെ സാമ്പത്തികവരുമാനം പരിസ്ഥിതി സൗഹൃദ രീതിയിൽ വർദ്ധിപ്പിക്കുക എന്നതാണ് ഈ ഭേദഗതികൊണ്ട് ഉദ്ദേശിക്കുന്നത്. |
| (സി) ഇതിനായി ഭൂപരിഷ്കരണനിയമം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ ; | (സി) | തോട്ടഭൂമിയുടെ 5% ഭൂമിയുടെ ഗുണപരമായ വിനിയോഗം ലക്ഷ്യമിട്ട് ചില മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു. ഈ മാർഗ്ഗനിർദ്ദേശങ്ങൾക്ക് നിയമസാധുത ലഭിക്കുന്നതിനായി തോട്ടഭൂമിയുടെ 5% മറ്റാവശ്യങ്ങൾക്കായി ഉപയോഗിക്കാൻ വ്യവസ്ഥ ചെയ്യുന്ന ഭാഗത്ത് പ്രസ്തുത ഭൂമിയുടെ ഉപയോഗം നിയന്ത്രിക്കത്തക്ക രീതിയിൽ മറ്റാവശ്യങ്ങൾക്കായി ഉപയോഗിക്കാവുന്ന ഭൂമി സർക്കാർ പുറപ്പെടുവിക്കുന്ന നിയന്ത്രണങ്ങൾക്ക് വിധേയമായി ഉപയോഗിക്കാൻ കഴിയുന്ന രീതിയിൽ ആക്ട് ഭേദഗതി ചെയ്യുന്നതിനായി ഉദ്ദേശിക്കുന്നു. |
| (ഡി) സർക്കാർ നിയന്ത്രണങ്ങൾ കൃത്യമായി പാലിക്കപ്പെടുന്നുണ്ടോയെന്ന് ഉറപ്പ് വരുത്തുവാൻ എന്തെല്ലാം സംവിധാനമാണ് നിയമത്തിൽ ഉൾപ്പെടുത്താനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം? | (ഡി) | സർക്കാർ നിയന്ത്രണങ്ങൾ കൃത്യമായി പാലിക്കപ്പെടുന്നുണ്ടോ എന്നു ഉറപ്പ് വരുത്തുവാനുള്ള വ്യവസ്ഥയൊന്നും തത്കാലം നിലവിലുള്ള നിയമത്തിൽ ഉൾപ്പെടുത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ